(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ക്വാളിറ്റി ഉറപ്പുവരുത്തിയ ഏറ്റവും കുറഞ്ഞ ടെണ്ടറാണ് ഇതുവരെയും സ്വീകരിച്ചിട്ടുള്ളത്. നീഫില്ലിംഗ്/റീ-മാനുഫാക്ചറിംഗ് എന്നിവയ്ക്ക് മതസരാധിഷ്ഠിത ക്വട്ടേഷനുകൾ ക്ഷണിച്ചതിനുശേഷമാണ് ഈവയിലെ കുറഞ്ഞ നിരക്ക് നിശ്ചയിച്ചിട്ടുള്ളത്.

അത്തൂർ മണ്ഡലത്തിലെ വികസന പ്രവർത്തനങ്ങൾ

192 (1608) <u>ശ്രീ. എ. എം. ആരിഫ്</u> : താഴെ കാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അത്തൂർ മണ്ഡലത്തിൽ പഞ്ചായത്ത് വകുപ്പുവഴി എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ള തെന്ന് പഞ്ചായത്ത് തിരിച്ച് ലഭ്യമാക്കുമോ ?

<u>ഉത്തരം</u>

അത്തൂർ മണ്ഡലത്തിൽ പഞ്ചായത്ത് വകുപ്പുവഴി നടത്തിയിട്ടുള്ള വികസന പ്രവർത്തനങ്ങളുടെ വിവരങ്ങൾ ഇതോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.*

ആശ്രിത നിയമനം

193 (1609) <u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പള്ളിക്കര ഗ്രാമപഞ്ചായത്തിൽ പാർട്ട് ടൈം റോഡ് സ്വീപ്പർ ആയി ജോലി ചെയ്തിരുന്ന രാജീവൻ സി.എച്ച്.-ന്റെ മരണശേഷം ഭാര്യ പത്മജയ്ക്ക് ജോലി നൽകുന്നതിനുള്ള നടപടികൾ ഏതുവരെയായെന്ന് വിശദമാക്കാമോ ;

(ബി) സെക്രട്ടറിയറ്റിൽ തദ്ദേശസ്വയംഭരണ വകുപ്പിൽ ഇ.പി.എ.3/72922/13 ഫയൽ തീർപ്പ് കൽപ്പിച്ച് നിയമനം നൽകുന്നതിനുള്ള കാലതാമസത്തിന് കാരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ ;

(സി) പത്മജയ്ക്ക് ആശ്രിതനിയമനം എന്ന് നൽകാൻ കഴിയുമെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ-സി) കാസർഗോഡ് ജില്ലയിലെ പള്ളിക്കര ഗ്രാമപഞ്ചായത്തിലെ പാർട്ട് ടൈം റോഡ് സ്വീപ്പറായി ജോലി നോക്കിവരവേ മരണമടഞ്ഞ രാജീവൻ. സി. എച്ച്.-ന്റെ വിധവയും അനന്തരാവകാശിയുമായ ശ്രീമതി പത്മജ. എം. സമർപ്പിച്ച അപേക്ഷ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഫയൽ നമ്പർ 72922/ഇ.പി.എ.3/2013/തസ്വഭവ പ്രകാരം സർക്കാർ പരിശോധിച്ചിരുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയാണ് രാജീവൻ സി. എച്ച്. ജോലിയിൽ പ്രവേശിച്ചത്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനെ ജോലിയിൽ പ്രവേശിച്ച റോഡ് സ്വീപ്പർമാർ ആശ്രിത നിയമന വ്യവസ്ഥയുടെ പരിധിയിൽ ഉൾപ്പെടുമോ എന്നതിൽ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ നിയമനം നൽകിയ ഉത്തരവിന്റെ തീർപ്പുഫയൽ ലഭ്യമാക്കാൻ ആ വകുപ്പ് ആവശ്യപ്പെടുകയുണ്ടായി. ഇതിന് മറുപടിയായി രാജീവന് നിയമനം നൽകിയ ഉത്തരവിന്റെ പകർപ്പ്, പ്രൊബേഷൻ പൂർത്തിയാക്കിയതായി പ്രഖ്യാപിച്ച ഉത്തരവിന്റെ പകർപ്പ്, പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ പകർപ്പ്, പെൻഷൻ, ഗ്രാറ്റുവിറ്റി എന്നിവ അനുവദിച്ചുകൊണ്ടുള്ള നടപടിക്രമങ്ങളുടെ പകർപ്പുകൾ എന്നിവയാണ് പഞ്ചായത്ത് ഡയറക്ടർ ഹാജരാക്കിയത്. എന്നാൽ ഇത് സംബന്ധിച്ച തീർപ്പുഫയൽ ലഭ്യമാക്കാൻ വീണ്ടും കത്ത് അയച്ചെങ്കിലും മേൽ രേഖകളുടെ പകർപ്പുകളാണ് തീർപ്പുഫയൽ ഇനത്തിൽ ഉള്ളതെന്ന് കാസർഗോഡ് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചതിനാൽ ഇക്കാര്യം അറിയിച്ച് ഫയൽ വീണ്ടും ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞപ്പോൾ മരണമടഞ്ഞ രാജീവൻ. സി. എച്ച്.-ന്റെ സേവനപുസ്തകം സഹിതം ഫയൽ ആവശ്യപ്പെട്ടതനുസരിച്ച് 5-2-2015-ലെ കത്ത് പ്രകാരം പഞ്ചായത്ത് ഡയറക്ടറോട് ആവശ്യപ്പെട്ടെങ്കിലും നാളിതുവരെ സേവനപുസ്തകം പഞ്ചായത്ത് ഡയറക്ടറിൽ നിന്നും ലഭ്യമായിട്ടില്ല. സേവനപുസ്തകം ലഭ്യമാക്കി ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിന്റെ അഭിപ്രായവും കണക്കിലെടുത്ത് ഇക്കാര്യത്തിൽ അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്.

ജാഗ്രതാ സമിതികൾ

194 (1610) ശ്രീ. പി. എ. മാധവൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. എ. ടി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ രൂപീകരിച്ചിട്ടുള്ള ജാഗ്രതാ സമിതികളുടെ പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

(ബി) ബാലപീഡനം ഒഴിവാക്കുന്നതിന് സമിതികളെ എങ്ങനെ പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുവെന്ന് വിശദമാക്കാമോ ;

(സി) ഇതു സംബന്ധിച്ച പഠന റിപ്പോർട്ടിന് അംഗീകാരം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ ;

(ഡി) പഠന റിപ്പോർട്ട് നടപ്പാക്കുന്നതിന് നിയമങ്ങളിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്താനുദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ ?

LIBRARY ARCHIVES Kerala Legislative Assembly